**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - കരുനാഗപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .ആർ.രാമചന്ദ്രൻ എംഎൽഎ -യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.80/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 08/01/2018

---

പരാമർശം - (1) സഉ.(സാധാ) 1174/2017/തസ്വഭവ തീയതി 17..04.2017.

(2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.11.2017 ലെ ഡിബി1/12646/16/സിഇ/എൽ.എസ്.ജി.ഡി.(2) നമ്പർ കത്ത്.

(3) ശ്രീ.ആർ.രാമചന്ദ്രൻ, കരുനാഗപ്പള്ളി എം.എൽ.എ.യുടെ 06.11.201 ല കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി എം. എൽ. എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകയിരുന്നു.

(i) Construction of Twin box culvert in near Elasserimadom Temple in Division No VII of Karunagappally Municipality - Rs.10,50,000/-

(ii) Retarring works of Town LPS Junction-Kozhissery Junction -High School junction-Alummodu road in Karunagappally Municipality Rs.25,77,000/-

2. ടി രണ്ട് പ്രവൃത്തികളിൽ ഒന്നായ "ടൗൺ എൽ.പി.എസ്. ജംഗ്ഷൻ- കോഴിശേരി ജംഗ്ഷൻ - ഹൈസ്കൂൾ ജംഗ്ഷൻ ആലുംമൂട് ജംഗ്ഷൻ റോഡ് റീ ടാറിംഗ്" എന്ന പ്രവൃത്തിയുടെ പേര് മാറ്റി "ടൗൺ എൽ.പി.എസ്. കോഴിശേരി ജംഗ്ഷൻ-ഹൈസ്കൂൾ ജംഗ്ഷൻ - ആലുംമൂട് റോഡ് ടാറിംഗും ഓടയും കവറിംഗ് സ്ലാബും പുനരുദ്ധാരണവും യാർഡ് ടൈലിംഗും" എന്നാക്കി മാറ്റി ഭരണാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ബഹു.എം.എൽ.എ. ശ്രീ.ആർ.രാമചന്ദ്രൻ ആവശ്യപ്പെടുകയും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി എം എൽ എയുടെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച "ടൗൺ എൽ.പി.എസ്. ജംഗ്ഷൻ- കോഴിശ്ശേരി ജംഗ്ഷൻ -ഹൈസ്കൂൾ ജംഗ്ഷൻ - ആലുംമൂട്

റോഡ് റീ-ടാറിംഗ്" എന്ന പ്രവൃത്തിയ്ക്ക് പകരം "ടൗൺ എൽ.പി. എസ്.- കോഴിശ്ശേരി ജംഗ്ഷൻ -ഹൈസ്കൂൾ ജംഗ്ഷൻ - ആലുംമൂട് റോഡ് ടാറിംഗും ഓടയും കവറിംഗ് സ്ലാബും പുനരുദ്ധാരണവും യാർഡ് ടൈലിംഗും" എന്ന പ്രവൃത്തിയ്ക്ക് 25.77 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ആർ.രാമചന്ദ്രൻ, എം.എൽ.എ.കരുനാഗപ്പള്ളി.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി .
ധനകാര്യ വകുപ്പ് (659/NC-B2/2016/Fin).
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ